ദേശാഭിമാനി അക്ഷരമുറ്റം
TALENT FEST 2026

സ്കൂൾതല ക്വിസിനുള്ള ചോദ്യങ്ങൾ
ഹൈസ്കൂൾ വിഭാഗം

ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

സ്കൂൾതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണിത്. ഉത്തരങ്ങൾ ഓരോ ചോദ്യത്തിനും തൊട്ടുതാഴെയുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനപുസ്തകവും സർട്ടിഫിക്കറ്റുമുണ്ട്. അവ ഉപജില്ലാ മത്സരകേന്ദ്രത്തിൽ നൽകും. ഒന്നും രണ്ടും സ്ഥാനക്കാരാണ് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ച് ചോദ്യം ചോദിക്കുകയോ എഴുതിക്കുകയോ ചെയ്യാം. ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർഥികളുടെ പേരുവിവരം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി കുട്ടികളെ ഏൽപിക്കണം. ഉപജില്ല മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്. ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും വ്യക്തിഗതമായാണ് ക്വിസ് മത്സരം.

1)ഐക്യരാഷ്ട്ര സംഘടനയുടെ (UN) ആസ്ഥാനം അമേരിക്കയിലെ ഏത് നഗരത്തിലാണ്?
ഉത്തരം: ന്യൂയോർക്ക് (ന്യൂയോർക്ക് എന്നെഴുതിയാൽ മാത്രം മാർക്ക്)

2) ഗാന്ധിജിയുടെ ജീവചരിത്രം ആദ്യമായി മലയാളത്തിന് പരിചയപ്പെടുത്തിയത് ആരാണ്?
ഉത്തരം: സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

3) ഒരു വൃത്തത്തിന്റെ ചുറ്റളവും വിസ്തീർണ്ണവും തുല്യമാണെങ്കിൽ ആ വൃത്തത്തിന്റെ ആരം (radius) എത്രയായിരിക്കും? ചുവടെ തന്നിരിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കുക
A) 1 യൂണിറ്റ് B) 2 യൂണിറ്റ് C) 3 യൂണിറ്റ് D) 4 യൂണിറ്റ്

ഉത്തരം: B) 2 യൂണിറ്റ് ($2\pi r = \pi r^2$ ആയതിനാൽ r = 2 യൂണിറ്റ് ആയിരിക്കും)

4) സിന്ധുനദീതട സംസ്കാരത്തിലെ പ്രധാന നഗരമായ ഹാരപ്പ ഏത് നദിയുടെ തീരത്താണ് സ്ഥിതി ചെയ്തിരുന്നത്?
ഉത്തരം: രവി (Ravi) (രാവി എന്നെഴുതിയാലും മാർക്ക് നൽകാം)

5) ISRO യുടെ പൂർണ രൂപം ?
ഉത്തരം: ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (Indian Space Research Organisation)

6) ടയലിൻ (Ptyalin)എന്ന എൻസൈം മനുഷ്യശരീരത്തിൽ ഏതുഗ്രന്ഥിയാണ് ഉൽപാദിപ്പിക്കുന്നത്?
ഉത്തരം: ഉമിനീർ ഗ്രന്ഥി

7) നീറ്റ് പരീക്ഷയിലെ ക്രമക്കേടിനെതിരെ ഡൽഹിയിലെ ജന്തർമന്തറിൽ നടന്ന ജെൻസി പ്രക്ഷോഭത്തെത്തുടർന്ന് രാജിവയ്ക്കേണ്ടി വന്ന കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ആര്?
ഉത്തരം: ധർമേന്ദ്രപ്രധാൻ

8) ബേക്കിങ് സോഡയുടെ (Baking Soda) രാസനാമം എന്ത്?
ഉത്തരം: സോഡിയം ബൈ കാർബണേറ്റ് (Sodium bicarbonate)

9) ഹിരോഷിമദിനമായി ആചരിക്കുന്ന ദിവസം ഏത് ? ഈ ദിവസം യുദ്ധവിരുദ്ധദിനമായും ആചരിക്കാറുണ്ട്.
ഉത്തരം : ആഗസ്ത് 6

10) ഡൽഹിയിലെ ചെങ്കോട്ട (Red Fort) പണികഴിപ്പിച്ച മുഗൾ ചക്രവർത്തി ആര്?
ഉത്തരം: ഷാജഹാൻ

11) ബഹിരാകാശത്തേക്ക് ആദ്യമായി ഒരു മലയാളി പോയത് ഈ വർഷം ജൂലൈയിലാണ്. ആര്?
ഉത്തരം: ഡോ. അനിൽ മേനോൻ

12) വിശ്വഭാരതി സർവകലാശാല സ്ഥാപിച്ച വിശ്വമഹാകവി ആര്?
ഉത്തരം : രബീന്ദ്രനാഥ ടാഗോർ

techsandquiz.in

13) വിദ്യകൊണ്ട് പ്രബുദ്ധരാവണമെന്ന് ഉദ്ഘോഷിച്ച നവോത്ഥാന നായകൻ ആര് ? ജാതി മത ഭേദമില്ലാതെ എല്ലാവർക്കും ആരാധിക്കാൻ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയതും ഈ സാമൂഹ്യ പരിഷ്കർത്താവാണ് .
ഉത്തരം : ശ്രീ നാരായണ ഗുരു

14) 'TRANSPARENT' എന്ന വാക്കിന്റെ വിപരീതപദം (Antonym) താഴെ പറയുന്നവയിൽ നിന്നും കണ്ടെത്തുക.
A) Clear B) Opaque C) Translucent D) Bright
ഉത്തരം: B) Opaque

15) ദ്രവ്യത്തിന് സ്ഥിതി ചെയ്യാൻ ആവശ്യമായ സ്ഥലത്തെ അതിന്റെ .... എന്ന് പറയുന്നു
a) ബലം b) വ്യാപ്തം C) സാന്ദ്രത d) ഘർഷണം

ഉത്തരം: b. വ്യാപ്തം

16) 'ആത്മവിദ്യാസംഘം' സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് ആര്?
ഉത്തരം: വാഗ്ഭടാനന്ദൻ

17) മികച്ച നടനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയ ആദ്യത്തെ മലയാളി ആര്?
ഉത്തരം: പി.ജെ. ആന്റണി (ചിത്രം: നിർമ്മാല്യം)

18) പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച 'After the First Three Minutes' എന്ന പുസ്തകം എഴുതിയ മലയാളി ഭൗതിക ശാസ്ത്രജ്ഞൻ ആര് ?
ഉത്തരം: താണു പത്മനാഭൻ

19) താഴെ തന്നതിൽ തെറ്റായ പ്രസ്താവന ഏത് ?
a . ചുവന്ന രക്താണുക്കളിലെ വർണകമാണ് ഹീമോഗ്ലോബിൻ
b. ഹീമോഗ്ലോബിന്റെ അളവ് കൂടുന്നത് അനീമിയ എന്ന രോഗാവസ്ഥയ്ക്ക് കാരണമാകുന്നു
C. സ്ത്രീകളിൽ ഹീമോഗ്ലോബിന്റെ അളവ് 12നും 16നും ഇടയിലാവണം

ഉത്തരം: b. ഹീമോഗ്ലോബിന്റെ അളവ് കൂടുന്നത് അനീമിയ എന്ന രോഗവസ്ഥയ്ക്ക് കാരണമാകുന്നു

20) ഒരു ടൺ എത്ര കിലോ ഗ്രാമാണ് ?
a . 10000 b.1000 c .100. d. 10
ഉത്തരം b . 1000

ടൈ ബ്രേക്കർ ചോദ്യങ്ങൾ

1) 2026 ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ അർജന്റീനയെ തോൽപിപ്പ് സ്പെയിൻ ലോകകിരീടം നേടിയല്ലോ. സ്പെയിനിന്റെ എത്രാമത്തെ സീനിയർ ലോകകപ്പ് കിരീടമായിരുന്നു ഇത്?
ഉത്തരം: രണ്ടാം

2) ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളാണ് 'അയിത്തോച്ചാടനം' (Abolition of Untouchability) പ്രതിപാദിക്കുന്നത്?
ഉത്തരം: ആർട്ടിക്കിൾ 17

3) കമ്പ്യൂട്ടർ മൗസ് കണ്ടുപിടിച്ചത് ആര്?
ഉത്തരം: ഡഗ്ലസ് എംഗൽബർട്ട് (Douglas Engelbart)

4) ഒളിമ്പിക്സ് വളയങ്ങളിൽ മഞ്ഞ നിറം പ്രതിനിധീകരിക്കുന്ന വൻകര ഏത്?
ഉത്തരം: ഏഷ്യ

5) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) സ്ഥാപിതമായ വർഷം ഏത്?
ഉത്തരം: 1935

ഹൈസ്കൂൾ വിഭാഗം പ്രസംഗമത്സരം

വിഷയം: **വായന നമ്മെ നവീകരിക്കുന്നു**

techsandquiz.in